**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1495** **16-10-2026-ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന ചൂഷണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ്
ശ്രീ. റോയി. കെ. പൗലോസ്
ശ്രീ. പഴകുളം മധു
ശ്രീ. റോണി. കെ. ബേബി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ വിവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ ചൂഷണങ്ങൾക്ക് വിധേയരാകുന്നത് സംബന്ധിച്ച് വ്യാപകമായ തോതിൽ പരാതികൾ ലഭിക്കുന്നില്ല. എങ്കിലും, അപൂർവ്വമായ സന്ദർഭങ്ങളിൽ ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ഇത്തരം പരാതികൾ ലഭിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ നോർക്ക-റൂട്ട്സ് വഴി ഇതര സംസ്ഥാനങ്ങളിലുള്ള എൻ.ആർ.കെ. ഡെവലപ്മെന്റ് / സാറ്റലൈറ്റ് ഓഫീസുകൾ മുഖാന്തരം ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

**(ബി)** കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാൻ ഇടനിലക്കാരായി പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള ഏജൻസികളുടെ പ്രവർത്തനം സർക്കാർ നിരീക്ഷിക്കുന്നുണ്ടോ; അവരുടെ പ്രവർത്തനങ്ങൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ; അല്ലാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

**മറുപടി:** കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി ഇടനിലക്കാരായി പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ നിലവിൽ സർക്കാരിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലല്ല. എങ്കിലും, ഇത്തരം ഏജൻസികളുടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, വാഗ്ദാന ലംഘനങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ പരാതികൾ ലഭിക്കുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** ഇതര സംസ്ഥാനങ്ങളിൽ ചൂഷണത്തിന് വിധേയരാകാതിരിക്കാൻ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**മറുപടി:** വിദേശ രാജ്യങ്ങളിലേക്കും ഇതര സംസ്ഥാനങ്ങളിലേക്കും ഉപരിപഠനത്തിനായി പോകുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കേരള സർക്കാർ നോർക്ക-റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതിയാണ് സ്റ്റുഡന്റ്

മൈഗ്രേഷൻ പോർട്ടൽ. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിദേശപഠനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോർട്ടലിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. നോർക്ക-റൂട്ട്സ് സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടലിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഇത്തരം ബോധവൽക്കരണ പരിപാടികളിൽ കേരളത്തിന് പുറത്തുള്ള മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങളും സുരക്ഷിത പഠന മാർഗ്ഗനിർദ്ദേശങ്ങളും പ്രത്യേകമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**